Short Notice Question

അടിയന്തര ചോദ്യം നമ്പർ: 2

ഹരിപ്പാട് പോഷകാഹാരക്കുറവുമൂലമുണ്ടായ ശിശുമരണം

ശ്രീ. പി. പ്രസാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് രണ്ട് വയസ്സുള്ള ആൺകുഞ്ഞ് പോഷകാഹാരക്കുറവുമൂലം മരിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വനിതാ-ശിശുവികസന വകുപ്പ് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ, വിശദമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, (എ) ഉണ്ട്. മരണ സമയത്ത് 7.1 കി.ഗ്രാം മാത്രം തൂക്കമുണ്ടായിരുന്ന 2 വയസുകാരനായ കുട്ടിക്ക് അനീമിയ ബാധിച്ചിരുന്നു.

Uncorrected/Not for publication

28-10-2026

Short Notice Question

കുട്ടിയുടെ മാതാപിതാക്കൾ കാർത്തികപ്പള്ളി പഞ്ചായത്ത് അഞ്ചാം വാർഡിൽ താമസത്തിനായി എത്തിയതിനെ തുടർന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി വർക്കർ എന്നിവർ 24-08-2026-ൽ ഇവരുടെ വീട് സന്ദർശിച്ച് കുഞ്ഞുങ്ങളുടെ സംരക്ഷണത്തെക്കുറിച്ചും പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ് തുടങ്ങിയവ നൽകേണ്ടതിനെക്കുറിച്ചും നിർദ്ദേശം നൽകിയിരുന്നു. 02-09-2026, 29-09-2026 എന്നീ തീയതികളിൽ കുട്ടിയുടെ മാതാവിനും കുട്ടിക്കുമുള്ള പോഷകാഹാരം അങ്കണവാടിയിൽനിന്നും നൽകിയിട്ടുണ്ട്. ആ സമയത്ത് കുട്ടിയുടെ തൂക്കക്കുറവ് പ്രത്യേകം ശ്രദ്ധിക്കുകയും, രക്ഷിതാക്കൾ ശ്രദ്ധിക്കുന്നില്ല എന്ന് ബോധ്യം വന്നതിനാൽ കുട്ടികളെയെല്ലാം റെസ്ക്യൂ ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. 09-12-2024-ൽ ജനിച്ച കുട്ടിയുടെ ജനന സമയത്തുള്ള ഭാരം 1.800 കിലോഗ്രാം ആണെന്നും കാർത്തികപ്പള്ളി സെ നം. 44 അനശ്വര അങ്കണവാടി വർക്കർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജന്മനാ ഉള്ള തൂക്കക്കുറവ്, മാതാപിതാക്കളുടെ അവഗണന എന്നിവ കുട്ടിയുടെ ആരോഗ്യത്തെ ബാധിച്ചിട്ടുണ്ട്.

കുട്ടിക്ക് 4 സഹോദരങ്ങളുണ്ട്. ടി കുഞ്ഞിന്റെ growth മോണിറ്ററിങ് വിവരങ്ങൾ അങ്കണവാടി തലത്തിലെ റിയൽ ടൈം മോണിട്ടറിങ് ടൂൾ ആയ

പോഷൻ ട്രാക്കറിൽ ഇല്ല. എങ്കിലും ഐ.സി.ഡി.എസ്. തലത്തിൽ കൃത്യമായ ഇടപെടലുകൾ നടത്തിയിരുന്നു.

(ബി) ദമ്പതികൾക്കുള്ള 5 കുട്ടികളിൽ ഏറ്റവും ഇളയ കുട്ടി ഒഴികെ ബാക്കി 4 കുട്ടികളെയും ആലപ്പുഴയിലെ ചിൽഡ്രൻസ് ഹോമുകളിൽ താമസിപ്പിക്കുകയായിരുന്നു. സമ്മർ വെക്കേഷന് വീട്ടിലേക്ക് തിരികെ കൂട്ടിക്കൊണ്ടുപോയ കുഞ്ഞുങ്ങൾ തിരികെ ഹോമുകളിൽ എത്താത്ത സാഹചര്യത്തിൽ സി.ഡബ്ല്യു.സി. നിരവധി തവണ ഇവരെ വിളിപ്പിക്കുകയും കുട്ടികളെ തിരികെ ഹോമിൽ ആക്കാൻ നിർദേശിക്കുകയും ചെയ്തുവെങ്കിലും മാതാപിതാക്കൾ ആയതിന് തയ്യാറായില്ല. ഇതിനിടയിൽ കാർത്തികപ്പള്ളി പഞ്ചായത്ത് അധികൃതർ ഇടപെട്ട് ഇവരെ പത്തനാപുരം ഗാന്ധിഭവനിൽ എത്തിച്ചിരുന്നു. എന്നാൽ അവിടെ ആത്മഹത്യ ഭീഷണി മുഴക്കി പ്രശ്നങ്ങൾ സൃഷ്ടിച്ച് ഇവർ വീട്ടിലേക്ക് മടങ്ങുകയായിരുന്നു.

തുടർന്ന് കുഞ്ഞുങ്ങളെ റെസ്ക്യൂ ചെയ്യുന്നതിനായി സി.ഡബ്ല്യു.സി. ഉത്തരവ് നൽകുകയും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ടീം ജനപ്രതിനിധികളുടെയും പോലീസിന്റെയും സാന്നിധ്യത്തിൽ കുട്ടികളെ ഏറ്റെടുക്കാനായി 06-10-2026-ന് എത്തിയെങ്കിലും കുട്ടികളെ

Uncorrected/Not for publication

28-10-2026

Short Notice Question

വിട്ടുനൽകാതെ മാതാപിതാക്കൾ ആത്മഹത്യാ ഭീഷണി മുഴക്കിയ സാഹചര്യത്തിൽ കുട്ടികളെ ഏറ്റെടുക്കാൻ നിർവാഹമില്ലാതെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ടീം റെസ്ക്യൂ ഓപ്പറേഷൻ ഉപേക്ഷിച്ചു മടങ്ങി.

കുട്ടിയുടെ മാതാവ് വണ്ടാനം മെഡിക്കൽ കോളേജിൽവച്ച് 18-10-2026-ന് ഒരു ആൺകുട്ടിക്ക് ജന്മം നൽകി. അന്നേ ദിവസം വൈകുന്നേരം മുതൽ കുട്ടിയുടെ പിതാവും 5 മക്കളും മാത്രമാണ് വാടകവീട്ടിൽ ഉണ്ടായിരുന്നത്. പിറ്റേ ദിവസം രാവിലെ സുഖമില്ലാത്തതായി കണ്ട് പിതാവ് കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും കുഞ്ഞ് മരണപ്പെട്ടിരുന്നു. ഇതേ തുടർന്ന് പഞ്ചായത്ത് അധികൃതർ ഇടപെട്ട് പോലീസിൽ വിവരം അറിയിക്കുകയും കുഞ്ഞിന്റെ മരണത്തിൽ തൃക്കുന്നപ്പുഴ പോലീസ് കേസ് എടുക്കുകയും ചെയ്തു. കുഞ്ഞിന്റെ മൃതദേഹം ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പോലീസ് ഇൻക്വസ്റ്റ് നടത്തിയശേഷം കുട്ടിയുടെ വലിയച്ഛന്റെ സാന്നിധ്യത്തിൽ വണ്ടാനം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തി. ശേഷം മൃത്ത നാല് പെൺകുട്ടികളെയും സി.ഡബ്ല്യു.സി. നിർദേശപ്രകാരം ആലപ്പുഴയിലെ ശിശു സംരക്ഷണ സ്ഥാപനത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ

സംരക്ഷണത്തിനായി ഏല്പിച്ചു.

ഈ ദമ്പതികൾ മാവേലിക്കര ഭാഗത്ത് വാടകക്ക് താമസിച്ചിരുന്ന കാലത്തും ഒരു ആൺകുട്ടി മരിച്ചിട്ടുണ്ട്.

(സി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ 23-10-2026-ന് സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺമാർ, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർത്തു. ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ യോഗം വിശദമായി ചർച്ച ചെയ്തു. ആയതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചു. കർമ്മപദ്ധതിയിലെ പ്രധാന നടപടികൾ താഴെ ചേർക്കുന്നു:

1. ജില്ലാതല ഉത്തരവാദിത്തം: ജില്ലയിലെ കുട്ടികളുടെ സുരക്ഷ, സംരക്ഷണം, പുനരധിവാസം എന്നിവയുടെ ഉത്തരവാദിത്തം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് നൽകി.

2. ശിശു സംരക്ഷണ സമിതികൾ ശാക്തീകരിക്കും:

- ജില്ലാതലം മുതൽ വില്ലേജ് തലം വരെയുള്ള ചൈൽഡ് പ്രൊട്ടക്ഷൻ

Short Notice Question

ആൻഡ് വെൽഫെയർ കമ്മിറ്റികൾ കൃത്യമായി യോഗം ചേരുന്നുവെന്ന് ഉറപ്പാക്കും.

- ജില്ലാ വനിതാ-ശിശു വികസന ഓഫീസർ 3 മാസത്തിലൊരിക്കൽ അവലോകന യോഗം നടത്തും.
- വകുപ്പ് ഡയറക്ടർ 6 മാസത്തിലൊരിക്കൽ നേരിട്ട് അവലോകനം നടത്തും.

3. Vulnerability Mapping സർവെ: അപകടകരമായ സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളെ കണ്ടെത്താൻ സംസ്ഥാനവ്യാപകമായി സർവെ നടത്തും.

4. വകുപ്പുകൾ തമ്മിലുള്ള ഏകോപനം: അപകടസാധ്യതയുള്ള കുട്ടികളെ കണ്ടെത്തിയാൽ തദ്ദേശസ്വയംഭരണം, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സുരക്ഷയും പുനരധിവാസവും ഉറപ്പാക്കും. നിലവിലുള്ള എല്ലാ സംവിധാനങ്ങളും ഇതിനായി പ്രയോജനപ്പെടുത്തും.

5. ഉന്നതതല ഇടപെടൽ: റെസ്ക്യൂ പോലുള്ള ഗൗരവമുള്ള വിഷയങ്ങളിൽ തടസ്സം നേരിട്ടാൽ ജില്ലാ ശിശുസംരക്ഷണ ഓഫീസർ ബന്ധപ്പെട്ട അധികാരികളുടെ ഇടപെടൽ ഉറപ്പാക്കും. ആയതിന്റെ ഏകോപനം ജില്ലാ

വനിതാ ശിശു വികസന ഓഫീസർ നടത്തും.

6. കുട്ടിയുടെ ക്ഷേമത്തിന് മുൻഗണന: രക്ഷിതാക്കളുടെ നിസ്സഹകരണം സുരക്ഷാനടപടികൾ അവസാനിപ്പിക്കാനുള്ള കാരണമായി കാണില്ല. പകരം ഉന്നതതല ഇടപെടലിനും ബദൽ സംരക്ഷണത്തിനുമുള്ള സാഹചര്യമായി പരിഗണിക്കും.

7. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും വ്യക്തിഗത ശ്രദ്ധാ പദ്ധതിയും:

- നിയമപ്രകാരമുള്ള സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് നൽകും.
- സ്ഥാപനങ്ങളിലെ എല്ലാ കുട്ടികൾക്കും വ്യക്തിഗത ശ്രദ്ധാ പദ്ധതി (Individual Care Plan) തയ്യാറാക്കും.

8. കുടുംബത്തിലേക്ക് തിരികെ അയയ്ക്കുംമുമ്പ് സുരക്ഷ ഉറപ്പാക്കും:

- പ്രാദേശിക സംവിധാനങ്ങളുടെ അഭിപ്രായംകൂടി ഉൾപ്പെടുത്തി സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് നിർബന്ധമായും തയ്യാറാക്കും.
- കുട്ടി സുരക്ഷിതനായിരിക്കുമെന്ന് റിപ്പോർട്ടിൽ ഉറപ്പാക്കിയാൽ മാത്രമേ

കുട്ടിയെ കുടുംബത്തിലേക്ക് അയക്കുക.

9. പുനരധിവാസത്തിന് ശേഷമുള്ള ഫോളോഅപ്പ്:

- അങ്കണവാടി വർക്കർ, ICDS സൂപ്പർവൈസർ, സൈക്കോ-സോഷ്യൽ കൗൺസിലർ എന്നിവർ മുഖേന എല്ലാ കുട്ടികൾക്കും നിർബന്ധിത ഫോളോഅപ്പ് ഉറപ്പാക്കും.
- ആയത് ജില്ലാതല അവലോകനത്തിൽ വിലയിരുത്തും.

10. പോഷകനില നിരീക്ഷണം: കുട്ടികളുടെ വളർച്ചയും പോഷകനിലയും നിരന്തരം നിരീക്ഷിക്കും. പോഷകാഹാരക്കുറവോ അവഗണനയോ കണ്ടെത്തിയാൽ അടിയന്തര നടപടി സ്വീകരിക്കും.

11. കൂട്ടായ ഉത്തരവാദിത്തം: അപകട സാധ്യതയുള്ള കുട്ടിയുടെ കാര്യം മറ്റൊരു വകുപ്പിന്റെ ചുമതലയാണെന്ന് കരുതി ഒരു ഉദ്യോഗസ്ഥനും മാറിനിൽക്കാത്ത രീതിയിൽ ബന്ധപ്പെട്ട സംവിധാനങ്ങളെ ഏകോപിപ്പിച്ച് നടപടി സ്വീകരിക്കും.

ഒരു അമ്മയെന്ന നിലയിൽ നെഞ്ചുലയ്ക്കുന്ന വേദനയുമായാണ് പോഷകാഹാരക്കുറവുമൂലം ഒരു കുഞ്ഞ് കേരളത്തിൽ മരിച്ചുവെന്ന വാർത്ത

ഞാനും കേട്ടത്. ആ കുഞ്ഞ് ജനിക്കുമ്പോൾ 1.800 കി.ഗ്രാം. തൂക്കമുണ്ടായിരുന്നു. 2 വയസ്സുകാരനായ ആ കുട്ടി മരണപ്പെടുമ്പോൾ 7 കിലോഗ്രാം തൂക്കം മാത്രമാണുണ്ടായിരുന്നത്. ഈ കുഞ്ഞിന്റെ കുടുംബം താമസത്തിനായി കാർത്തികപ്പള്ളി പഞ്ചായത്തിലെ അഞ്ചാം വാർഡിൽ എത്തിയപ്പോൾത്തന്നെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി വർക്കർ ഉൾപ്പെടെയുള്ളവർ അവിടെ എത്തുകയും കുഞ്ഞുങ്ങളുടെ സംരക്ഷണത്തെക്കുറിച്ചും പ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചും പോഷകാഹാരം നൽകുന്നതിനെക്കുറിച്ചുമെല്ലാം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നും അങ്കണവാടികളിൽനിന്നും അവർക്ക് പോഷകാഹാരം നൽകുന്ന സമയത്ത് കുഞ്ഞുങ്ങളുടെ തൂക്കക്കുറവ് മനസ്സിലാക്കിയതിനെത്തുടർന്ന് ആ കുട്ടികളെ റെസ്ക്യൂ ചെയ്ത് ചിൽഡ്രൻസ് ഹോമിൽ പാർപ്പിച്ചിരുന്നതാണ്. വെക്കേഷന് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയ കുഞ്ഞുങ്ങളെ വെക്കേഷൻ കഴിഞ്ഞപ്പോൾ തിരികെ വിട്ടയയ്ക്കാൻ തയ്യാറായില്ല. തുടർന്ന് പഞ്ചായത്ത് അധികൃതരും അവിടത്തെ എം.എൽ.എ. കൂടിയായ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവരും ഇടപെട്ട് കുഞ്ഞുങ്ങളെയും അമ്മയെയും ഗാന്ധിഭവനിൽ

എത്തിച്ചിരുന്നു. അവിടെയും ആത്മഹത്യാ ഭീഷണി മുഴക്കി കുടുംബം തിരികെ വന്നു. തുടർന്ന് 06-10-2026-ന് ശിശു സംരക്ഷണ യൂണിറ്റ് പോലീസിന്റെയും ജനപ്രതിനിധിയുടെയും സാന്നിധ്യത്തിൽ വീണ്ടും റെസ്ക്യൂ ചെയ്യാൻ അവിടെ പോയെങ്കിലും സാധിച്ചില്ല. പിന്നീട് 18-ാം തീയതി അമ്മയെ ഏഴാമത്തെ പ്രസവത്തിനായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതിന്റെ പിറ്റേദിവസമാണ് അസുഖമായി കുഞ്ഞ് മരണപ്പെടുന്നത്. ഇത് അറിഞ്ഞ് തൊട്ടടുത്ത ദിവസംതന്നെ ഞാൻ അവിടെയെത്തി. ബന്ധപ്പെട്ട എല്ലാവരുമായി സംസാരിച്ചു. വനിതാ ശിശുവികസന വകുപ്പ് വളരെ കൃത്യമായ, തീവ്രമായ ഇടപെടലാണ് ഇത്തരം അപകടാവസ്ഥയിലുള്ള കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി നടത്തുന്നത്. എന്നാൽ ബയോളജിക്കൽ പാരന്റ്സിന്റെ റെസിസ്റ്റൻസ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഇതിലുണ്ടെങ്കിൽപ്പോലും വളരെ കൃത്യമായ ഇടപെടലാണ് നടത്തുന്നത്. ഈ വിഷയമുണ്ടായതിനെത്തുടർന്ന് അടിയന്തരമായി വകുപ്പുതല യോഗം ചേർന്ന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ നിയമസഭാംഗങ്ങളുടെയും പ്രദേശങ്ങളിൽ ഇത്തരം അപകട സാധ്യതയുള്ള കുഞ്ഞുങ്ങളുണ്ടെങ്കിൽ

കണ്ടെത്തി അവരെ റെസ്ക്യൂ ചെയ്യുന്നതിനാവശ്യമായ സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്നുമുണ്ടാകണം എന്നാണ് എനിക്ക് അങ്ങ് വഴി സഭയോട് അഭ്യർഥിക്കാനുള്ളത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടുകൂടി മാത്രമേ ഒരു കുഞ്ഞിനും ഇത്തരത്തിലുള്ള അനുഭവങ്ങളുണ്ടാകാതിരിക്കാനുള്ള ശ്രമങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയോട് അഭ്യർഥിച്ചതുപോലെ എല്ലാവരുടെയും പൂർണ്ണ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് ചോദ്യകർത്താവ് എന്ന നിലയിൽ ഞാൻകൂടി പറയുകയാണ്. ഒരു കുഞ്ഞ് മരിച്ചത് അങ്ങേയറ്റം വേദനാജനകമായ കാര്യമാണ്. അതുപോലെതന്നെ വേദനാജനകമായ കാര്യമാണ് കളിച്ചും ചിരിച്ചും നടക്കേണ്ട 10 വയസ്സ് മാത്രം പ്രായമുള്ള ഒരു കുഞ്ഞ് ബാക്കിയുള്ള കുഞ്ഞുങ്ങളെ പരിചരിക്കുന്നതും. നിലവിൽ ന്യൂട്രിമിക്സ് പോലുള്ളവ നൽകുന്നുണ്ടെങ്കിലും ഒരു ഡയറ്റ് ഡൈവേഴ്സിറ്റി അനിവാര്യമാണ്. ആറ് മാസം മുതൽ മൂന്ന് വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് ഒരേ രീതിയിൽ കൊടുക്കുന്ന ന്യൂട്രിമിക്സിന്റെ കാര്യത്തിൽ പരിശോധന അത്യാവശ്യമാണ്. ഗുണനിലവാരം പരിശോധിക്കണം. കേരളത്തിലെ കുഞ്ഞുങ്ങളുടെ സ്ഥിതി

Short Notice Question

സംബന്ധിച്ച് ഒരു അന്വേഷണവും പരിശോധനയും അത്യന്താപേക്ഷിതമാണ്. NFSA, ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നീ നിയമങ്ങൾ നിലവിലുണ്ട്. പട്ടിണിമൂലം കുഞ്ഞുങ്ങളുടെ ജീവഹാനിക്ക് ഇടവരുത്തുന്ന ഒരു രക്ഷകർത്താവും ഒരു സംവിധാനവും ഇനി കേരളത്തിലുണ്ടാകാൻ ഇടയാകരുത് എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനോ അല്ലെങ്കിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനോ ഉള്ള സാധ്യത സർക്കാർ പരിശോധിക്കുമോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും അതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. പോഷകാഹാരത്തിന്റെ കാര്യത്തിലും കുട്ടികളുടെ സുരക്ഷയിലുമടക്കം എല്ലാ കാര്യങ്ങളിലും കൃത്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. പ്രസാദ് ഇവിടെ ഉന്നയിച്ചത് എന്റെ മണ്ഡലത്തിലെ ഒരു കാര്യമാണ്. ഈ സംഭവം അറിഞ്ഞ സമയം മുതൽതന്നെ ഞങ്ങൾ എല്ലാവരും ഇടപെട്ടതാണ്. ആ പ്രദേശത്തുള്ള

28-10-2026

Short Notice Question

ആളുകളുടെ ആവശ്യപ്രകാരമാണ് ഞാൻ ഗാന്ധിഭവനിലെ ശ്രീ. സോമരാജനുമായി സംസാരിച്ച് ഈ കുടുംബത്തെ പത്തനാപുരത്തെ ഗാന്ധിഭവനിൽ എത്തിച്ചത്. എന്നാൽ വൈകുന്നേരമായപ്പോൾ അവർ ബഹളമുണ്ടാക്കി അവിടെനിന്നും തിരിച്ചുപോകുകയാണുണ്ടായത്. പിന്നീട് അവരോട് സംസാരിച്ച് കുട്ടികളെ ഗാന്ധിഭവനിൽ പാർപ്പിക്കുകയാണുണ്ടായത്. ഞാനതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി, ശ്രീമതി ബിന്ദു കൃഷ്ണ അവിടെ വന്നിരുന്നു. ജില്ലാ കളക്ടർ, തഹസിൽദാർ എന്നിവരുമായി സംസാരിച്ച് അവരെ സെറ്റിൽ ചെയ്യിക്കാനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണെന്ന് അങ്ങയിലൂടെ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)